# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3288 — 29.1.2014-ൽ മറുപടിക്ക്

### ശുചിത്വ കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എം. പി. വിൻസെന്റ്<br>,, ബെന്നി ബെഹനാൻ<br>,, പി. എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നു :-<br>1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകുക.<br>2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.<br>3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.<br>4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.<br>5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കുക.<br>6. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.<br>7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം.<br>8. ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴി ഖരദ്രവ മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുക്കുക. |
| ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;<br>വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ആവശ്യാധിഷ്ഠിതമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിൽ എന്നാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ കേന്ദ്രീകൃത രീതിയിലുള്ള സംസ്ക്ക |

രണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു.

സി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതി പ്രകാരം ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

സി)

1. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ.
2. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടികൾ
3. ബൃഹത്തായ Information, Education and Communication (IEC) പ്രോഗ്രാമുകൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ
4. സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും 30 മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ
5. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും, അതുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിലേക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിതിനുമായിട്ടുള്ള നടപടികൾ
6. ശുചിത്വ മിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ.
7. പുതുതായി ആരംഭിച്ച 7 മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 10കോടി രൂപ വിനിയോഗിക്കുക
8. ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന Total Sanitation Campaign നിന്നുള്ള തുക ഉപയോഗിച്ച് സാമ്പത്തിക സഹായം നൽകുക

9. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, നഗരസഭകളിൽ സ്ഥാപിക്കുന്ന സിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുള്ള ഓരോ ജില്ലയിലും ഓരോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് ആരംഭിക്കുന്നതിനും നടപടികൾ

10. ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി അറിയപ്പെടുന്ന അന്തർദേശീയ വിദഗ്ധരുമായി ചർച്ച ചെയ്ത് എത്രയും വേഗം നയം രൂപീകരിക്കുക

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഡി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്ക്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്നതിലേക്ക് ചുവടെ പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചു.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ദർഘാസുകൾ ക്ഷണിക്കുകയും ആയത് വിവിധ ഘട്ടങ്ങളിലുമാണ്.

ചെറുതും ഇടത്തരവുമായ മുൻസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി 22 നഗരസഭകൾ തയ്യാറാക്കി നൽകിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അവയുടെ നിർവ്വഹണത്തിലേയ്ക്കുമായി 2011–12, 2012–13 വർഷങ്ങളിൽ 2219.5 ലക്ഷം രൂപയുടെ സർക്കാർ സാമ്പത്തിക സഹായവും ശുചിത്വമിഷൻ വഴി നൽകിയിട്ടുണ്ട്.

കുടുംബശ്രീ അയൽക്കൂട്ട വാളണ്ടിയർമാർക്ക് പരിശീലനം, അയൽക്കൂട്ട തലത്തിൽ ചർച്ച, സന്നദ്ധ സംഘടനകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ പ്രവർത്തകർക്ക് പരിശീലനവും ഇവരുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങളും സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ചു കൊണ്ട് നാഷണൽ സേവിംഗ്സ് സ്കീമിന്റേയും നാഷണൽ

ഗ്രീൻ കോറിന്റേയും, സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റേയും നേതൃത്വത്തിൽ വ്യക്തി ഗൃഹപരിസര ശുചീകരണ ബോധവൽക്കരണ പരിശീലന ക്ളാസ്സുകൾ, പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കി. കൂടാതെ എല്ലാ ജില്ലകളിലും ഈ വിഷയത്തെ അടിസ്ഥാനമാക്കി ഒരാഴ്ച ക്കാലം നീണ്ടു നില്ക്കുന്ന വെക്കേഷൻ ക്ളാസുകൾ സംഘടിപ്പിക്കുകയുണ്ടായി. അങ്കണവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും വേണ്ടി പ്രത്യേക വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും അമ്മമാർക്കും കുട്ടികൾക്കും വെവ്വേറെ പരിശീലന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. പൊതുജനാരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് ക്ളാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രാദേശിക സവിശേഷതകൾ പരിഗണിച്ചുകൊണ്ട് നാളിതുവരെ സൃഷ്ടിക്കപ്പെട്ട ശുചിത്വ ആരോഗ്യ സ്ഥിതി നിലനിർത്തുന്നതിനും ജനങ്ങളിൽ അഭിപ്രായ രൂപീകരണത്തിനുമായി ബ്ളോക്കുതല കലാസന്ദേശയാത്രകൾ സംഘടിപ്പിച്ചു.

സംസ്ഥാന തലത്തിൽ മീഡിയ വർക്ക്ഷോപ്പ്, ടെക്നോളജി വർക്ക്ഷോപ്പ്, വിഷൻ ഷെയറിംഗ് വർക്ക് ഷോപ്പ് എന്നിവയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ പൊതു സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് പ്രത്യേക എക്സിബിഷനുകളും സംസ്ഥാന ജില്ലാ തലങ്ങളിൽ . സംഘടിപ്പിച്ചു.

ഖരമാലിന്യ സംസ്ക്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുളള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി. (കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90%, ബയോഗ്യാസ് പ്ളാന്റുകൾക്ക് 75%) അതുപോലെ ഫ്ളാറ്റുകൾക്കും റസിഡൻഷ്യൽ അസോസിയേഷനുകൾക്കും വിവിധ തരത്തിലുളള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾക്കുളള സബ്സിഡി അനുവദിച്ചുത്തരവായിട്ടുണ്ട്. ഇതിലേക്കാവശ്യമായ തുക ശുചിത്വ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുളള പ്രത്യേക സംവിധാനമെന്ന നിലയിൽ Clean Kerala Company Ltd എന്ന പ്രത്യേക സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പുതുതായി ആരംഭിച്ച 7 മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണ പ്രർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശുചിത്വ കേരളം മാലിന്യ

മുക്ത കേരളം പരിപാടിയുടെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണ പദ്ധതിയ്ക്ക് 661 ഗ്രാമപഞ്ചായത്തുകളിലേയും 60 നഗര സഭകളിലേയും പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നല്കുകയും യഥാക്രമം 2296 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 1729.99 ലക്ഷം രൂപ നഗര സഭകൾക്കും സബ്സിഡി ഇനത്തിൽ 2011–12, 2012–13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ മുൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ നിന്നും ലഭ്യമായ തുകയും വിനിയോഗിച്ചു വരുന്നുണ്ട്. കൂടാതെ നിർമ്മൽ ഭാരത് അഭിയാൻ (മുൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി) യുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹികവും, കമ്മ്യൂണിറ്റിതല പ്രോജക്ടുകളും) പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള 30784.17 ലക്ഷം രൂപ അടങ്കൽ വരുന്ന പ്രത്യേക പ്രോജക്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണം ആരംഭിക്കാൻ കഴിയും.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിൽ സ്ഥാപിക്കുന്ന സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുള്ള ജില്ലകൾക്കു വേണ്ടി ഓരോ സ്റ്റാൻഡ് എലോൺ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നയവും ഭാവി പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നതിനായി അറിയപ്പെടുന്ന അന്തർദേശീയ വിദഗ്ദ്ധ ശ്രീമതി സുനിതാ നാരായനെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തുകയും നയരൂപീകരണ നടപടികൾക്കായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ